**അറിയിപ്പ്**

ഉദ്യോഗസ്ഥരുടെ സീറ്റ് ക്രമീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഓഫീസേഴ്സ് ഗ്യാലറിയിൽ ഉദ്യോഗസ്ഥർ നിൽക്കുകയാണ്. അവർക്ക് ഇരിക്കാനുള്ള സൗകര്യമുണ്ടാക്കി കൊടുത്താൽ നന്നായിരുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇന്നത്തെ ധനാഭ്യർത്ഥനയിൽ ആറ് വകുപ്പുകളുള്ളതിനാൽ ധാരാളം ഉദ്യോഗസ്ഥർ വന്നിട്ടുണ്ട്. അവർക്ക് ഇരിക്കാൻ അറേഞ്ചുമെന്റുണ്ടാക്കണം. വേറെ ഏതെങ്കിലും ഗ്യാലറി തുറന്നുകൊടുക്കാനുള്ള അനുവാദം നൽകണം.

മി. സ്പീക്കർ: ഇക്കാര്യം ചൂണ്ടിക്കാണിച്ച അംഗങ്ങളെ അഭിനന്ദിക്കുന്നു. മുകളിലെ സ്റ്റാഫ് ഗ്യാലറിയിലേയ്ക്ക് കുറച്ചുപേരെ മാറ്റാനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. സാമൂഹിക അകലം പാലിക്കാനുതകുന്ന തരത്തിൽ ഇപ്പോൾ ഓഫീസേഴ്സ് ഗ്യാലറിയിലുള്ള കുറച്ചുപേരെ മുകളിലെ സ്റ്റാഫ് ഗ്യാലറിയിലേയ്ക്ക് മാറ്റാനുള്ള ക്രമീകരണം ചെയ്യാം.